# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *723 — 07.11.2016 ൽ മറുപടിക്ക്

### റോഡ് സേഫ്റ്റി കോർപ്സ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ടി.ബൽറാം<br>,, സണ്ണി ജോസഫ്<br>,, അനിൽ അക്കര<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പ് റോഡ് സേഫ്റ്റി കോർപ്സ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ റോഡ് സേഫ്റ്റി കോർപ്സ് രൂപീകരിക്കുന്നതിനുള്ള ആശയം മുന്നോട്ട് വച്ചിരുന്നു. എന്നാൽ സ്കൂളുകളിൽ പോലീസിന്റെ നേതൃത്വത്തിൽ സ്റ്റുഡൻസ് പോലീസ് കേഡറ്റ് നിലവിലുള്ളതിനാൽ വീണ്ടുമൊരു സംഘടനയുടെ ആവശ്യകതയും പ്രായോഗികതയും ചർച്ചാവിധേയമാക്കിയിട്ടുണ്ട്. ആയതിനാൽ ഇതിന്റെ രൂപീകരണവുമായി മോട്ടോർ വാഹന വകുപ്പ് ഇതുവരെ മുന്നോട്ട് പോയിട്ടില്ല.<br>റോഡ് സുരക്ഷാ നിയമം നിലവിൽ വന്നതിനോടൊപ്പം മോട്ടോർ വാഹന വകുപ്പ് സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 146 സ്കൂളുകളിൽ റോഡ് സേഫ്റ്റി ക്ലബ്ബുകൾ രൂപീകരിക്കുകയും കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി 570 ക്ലാസുകളിലൂടെ സ്കൂൾ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും റോഡ് സുരക്ഷാ ബോധവല്ക്കരണ ക്ലാസുകൾ നടത്തുകയുമുണ്ടായി. 2015 – ൽ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ റോഡ് സുരക്ഷാ |

| | | |
|---|---|---|
| | | ഓട്ടൻതുള്ളൽ സംഘടിപ്പിച്ചു. കൊല്ലം ജില്ലയിൽ 'കുട്ടി കരുതൽ' എന്ന പേരിൽ റോഡ് നിയമ ബോധവല്ക്കരണ ക്ലാസുകൾ നടത്തി വരുന്നു. വിദ്യാർത്ഥികളെ ഉൾപ്പെടുത്തി 'ഗിഫ്റ്റി ചെക്കിംഗ്' എന്ന പേരിൽ റോഡ് ചെക്കിംഗുകൾ നടത്തുകയും ഡ്രൈവർമാർക്ക് സമ്മാനങ്ങളും ബുക്ക് ലെറ്റുകളും നൽകി വരുന്നു. |
| (ബി) | റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ സ്കൂൾ കുട്ടികളെ പരിശീലിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിവരിക്കുമോ; | (ബി) റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ സ്കൂൾ കുട്ടികളെ പരിശീലിപ്പിക്കുന്നതിനുവേണ്ടിയാണ് സ്റ്റുഡൻസ് പോലീസ് കേഡറ്റിന്റെ മാതൃകയിൽ റോഡ് സേഫ്റ്റി കോർപ്സ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. സ്കൂൾ കുട്ടികളിൽ റോഡ് സുരക്ഷാ അവബോധം വളർത്തുന്നതിനും, റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ അവരെ പങ്കാളികളാക്കാനുമാണ് ഇതിന്റെ രൂപീകരണം കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) | ഏതെല്ലാം വകുപ്പുകളുമായി ചേർന്നാണ് ഇതിന്റെ പ്രവർത്തനം നടത്തുന്നതെന്ന് വ്യക്തമാക്കുമോ? | (സി) പോലീസിന്റെ നേതൃത്വത്തിൽ സ്റ്റുഡൻസ് പോലീസ് കേഡറ്റ് നിലവിലുള്ളതിനാൽ വീണ്ടുമൊരു സംഘടനയുടെ ആവശ്യകതയും പ്രായോഗികതയും ചർച്ചാ വിധേയമാക്കിയ പശ്ചാത്തലത്തിൽ റോഡ് സേഫ്റ്റി കോർപ്സ് രൂപീകരണം സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ